(സി) സംസ്ഥാനത്ത് ബ്രെയിൻ ഫിംഗർ പ്രിന്റ് ടെസ്റ്റിനുള്ള സൗകര്യം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, ഇതിനു സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോറൻസിക് ലാബിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും അവ കേസുകളുടെ പരിശോധനയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്നു.

(സി) നിലവിലില്ല.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

**ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകളിൽ നിന്നുള്ള വരുമാനം**

15 (5922) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോ പോലീസ് സ്റ്റേഷനും അവ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത കേസുകളിൽ നിന്നായി ലഭിച്ച തുകയുടെ വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകൾക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പോലീസ് അസോസിയേഷൻ പ്രവർത്തനങ്ങൾ**

16 (5923) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) പോലീസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ കയ്യാങ്കളി നടന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പോലീസ് അസോസിയേഷൻ പ്രവർത്തനങ്ങൾ സേനയുടെ അച്ചടക്കത്തിന് കോട്ടം വരുത്തുന്ന തരത്തിൽ അധഃപതിച്ചിരിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-4-2010-ന് കേരളാ പോലീസ് അസോസിയേഷൻ തിരുവനന്തപുരം സിറ്റി ജില്ലാ സമ്മേളനത്തിന്റെ സമാപന സമ്മേളനത്തോടനുബന്ധിച്ച് നന്ദാവനം എ.ആർ. ക്യാമ്പിൽ വച്ച് പ്രതിനിധി സമ്മേളനവും അതിന്മേലുള്ള ചർച്ചയും നടക്കവേ ടി സംഘടനയിലെ ഒരംഗത്തിന് സംസാരിക്കാൻ അവസരം നിഷേധിച്ചു എന്നാരോപിച്ച് സംഘടനാഭാരവാഹികളെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത സംഭവത്തെ സംബന്ധിച്ച് തിരുവനന്തപുരം സിറ്റി ആംഡ് റിസർവ്വ് ഡെപ്യൂട്ടി കമാണ്ടന്റ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 10 പോലീസുദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി കൈക്കൊണ്ടിട്ടുണ്ട്.

(സി) പോലീസ് അസോസിയേഷൻ പ്രവർത്തനങ്ങൾ സേനയുടെ അച്ചടക്കത്തിന് കോട്ടം വരത്തക്കതരത്തിൽ ആയിത്തീർന്നതായി കരുതുന്നില്ല. എങ്കിൽത്തന്നെയും മേൽപ്പറഞ്ഞ ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ കുറ്റക്കാർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി വകുപ്പുതല നടപടി കൈക്കൊണ്ടിട്ടുണ്ട്. സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ അച്ചടക്ക ലംഘനമുണ്ടായാൽ കർശനമായ വകുപ്പുതല നടപടികൾ കൈക്കൊള്ളുന്നതാണ്.

**ഹർത്താലുകളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക ഫണ്ട്**

17 (5924) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന ഹർത്താലുകളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly